**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1474 — 03.10.2016 - ൽ മറുപടിയ്ക്ക്

## ശ്രുതി തരംഗം പദ്ധതി

ചോദ്യം
ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.അടൂർ പ്രകാശ്
ശ്രീ.എൽദോസ് കുന്നപ്പിള്ളി
ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് 'ശ്രുതിതരംഗം' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ശ്രവണശേഷിയും സംസാരശേഷിയും ഇല്ലാതെ ജനിക്കുന്ന കുട്ടികൾക്ക് 5 വയസ്സിനുള്ളിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ ശ്രവണശേഷിയും സംസാരശേഷിയും നേടിയെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | 1 അർഹരായവരിൽ നിന്നും അപേക്ഷ ശേഖരിച്ച് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2 അപേക്ഷകരിൽ അർഹരായവരെ കണ്ടെത്തുന്നതിനായി റീജിയൺ ലെവൽ ടെക്നിക്കൽ/സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br>3 സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട സർക്കാർ/പ്രൈവറ്റ് ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 5 പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | എത്ര തുകയുടെ സഹായമാണ് പദ്ധതി വഴി ഇതുവരെ നൽകിയിട്ടുള്ളത്? | (ഡി) | നാളിതുവരെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30,91,64,740/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ